● അബൂ ഹാദിയ

# ബഹുസ്വരത മദീനാചാർട്ടറിന്റെ വെളിച്ചത്തിൽ


ലോകത്തെ ആദ്യത്തെ എഴുതപ്പെട്ട ഭരണഘടനയായി മദീനാചാർട്ടറിനെ വിഖ്യാത ഫ്രഞ്ച് ഇസ്‌ലാമിക പണ്ഡിതനായിരുന്ന പ്രൊഫ. എ. ഹമീദുല്ല പരിചയപ്പെടുത്തുന്നു. ഒരമേരിക്കൻ മിഷണറി 1890 ൽ കണ്ടെടുത്ത അരിസ്റ്റോട്ടിൽ രചിച്ച 'ഏതൻസിന്റെ ഭരണഘടന'യെ കൃത്യമായ അർത്ഥത്തിൽ ഒരു ഭരണഘടനയാണെന്ന് പറയാനാവില്ല. ഏതൻസ് നഗരരാഷ്ട്രത്തെ സംബന്ധിച്ച ചില പ്രതിപാദനങ്ങൾ മാത്രമാണ് അതിലുള്ളത്. പുരാതന സമൂഹങ്ങളിലെ പെരുമാറ്റങ്ങളെപ്പറ്റിയുള്ള നിയമങ്ങൾ ചട്ടങ്ങളുടെ രൂപത്തിൽ കണ്ടെടുക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയെയൊന്നും ഭരണഘടനയെന്ന് വിളിക്കാനാവില്ല.

മദീനാ ചാർട്ടറിന് ശേഷം വരുന്ന പ്രധാന ഭരണഘടനാ രേഖ 1787ൽ പ്രസിദ്ധീകൃതമായ അമേരിക്കൻ ഭരണഘടനയാണ്. 1215ൽ ഇംഗ്ലണ്ടിൽ പുറത്തിറങ്ങിയ പൗരാവകാശ പ്രമാണമായ മഗ്നാകാർട്ടക്ക് 6 നൂറ്റാണ്ടുകൾക്ക് മുമ്പാണ് മദീനാ ചാർട്ടർ ഇറങ്ങിയതെന്നോർക്കണം.

മതത്തെയും രാഷ്ട്രത്തെയും പരിഗണിച്ചുകൊണ്ട് വിരചിതമായ ആദ്യത്തെ ഭരണഘടനയായി മദീനാ ചാർട്ടർ പൊതുവെ പരിഗണിക്കപ്പെടുന്നുണ്ട്.(1) ചാർട്ടർ രൂപപ്പെടുത്തപ്പെട്ട വർഷത്തെപ്പറ്റി തർക്കങ്ങളും സന്ദേഹങ്ങളും നിലനിൽക്കുന്നുണ്ടെങ്കിലും ക്രി: 622 ന് ശേഷമാണെന്ന വീക്ഷണത്തിനാണ് പൊതുവെ പിൻബലമുള്ളത്.(2)

പഴയ സ്രോതസ്സുകളിൽ ഈ രേഖയെ 'അൽ കിതാബ്' (ഗ്രന്ഥം) എന്നും 'അസ്സ്വഹീഫഃ'(പേപ്പർ ഷീറ്റ്) എന്നും പരാമർശിച്ചുകാണുന്നു. മദീനയിലെ വിവിധ ജനവിഭാഗങ്ങളുടെ അവകാശങ്ങളും ബാധ്യതകളും നിർവ്വചിക്കുക എന്നതായിരുന്നു ചാർട്ടർ മുഖ്യമായും ലക്ഷ്യമിട്ടിരുന്നത്.


എ. ഹമീദുല്ല


അരിസ്റ്റോട്ടിൽ

### ആധികാരികത

വിവിധ കക്ഷികൾ തമ്മിലുള്ള ഒരു സന്ധിയുടെ സ്വഭാവം ഈ രേഖക്കില്ലെന്ന ഓറിയന്റലിസ്റ്റ് ആചാര്യൻ ബർണാഡ് ലീവീസിന്റെ (1916-) നിരീക്ഷണം ശരിയാണെങ്കിലും ചരിത്ര പശ്ചാത്തലത്തിൽ നോക്കുമ്പോൾ സാധ്യമായ ഏറ്റവും മികച്ച സംഘർഷപരിഹാര പദ്ധതിയായി രേഖയെ വിലയിരുത്താനാവും; പ്രത്യേകിച്ച് ഏതെങ്കിലും വിഭാഗത്തിന്റെ മേൽ അന്യായമായ അധീശത്വം അടിച്ചേൽപിക്കാനുള്ള പ്രവണത രേഖയിൽ നിന്ന് സിദ്ധമല്ലെന്നിരിക്കെ.

മദീനാ ചാർട്ടറിനെപ്പറിയുള്ള ആദ്യപരാമർശം കാണുന്നത് മുഹമ്മദ് ഇബ്നു ഇസ്ഹാഖിന്റേതാണ്. (ചരമം:ഹിജ്റഃ 151) അബൂ ഉബൈദിന്റെ രചനയിൽ ഇതിന്റെ പൂർണരൂപം കൊടുത്തിട്ടുണ്ട്. റിപ്പോർട്ടർമാരുടെ ശൃംഖല (സനദ്) ഉദ്ധരിക്കാതെയാണ് ഇബ്നു ഇസ്ഹാഖ് രേഖ കൊടുത്തിരിക്കുന്നത്. (സീറ ഇബ്നു

ഹിശാം, വാള്യം1, പേ:501-504).

ഹദീസ് ഗ്രന്ഥങ്ങളിൽ ചാർട്ടറിന്റെ പൂർണരൂപം വന്നിട്ടില്ലെങ്കിലും പല ഭാഗങ്ങളും വ്യത്യസ്ത രൂപത്തിൽ ബുഖാരിയുടേയും മുസ്‌ലിമിന്റെയും സ്വഹീഹുകളിൽ വന്നിട്ടുണ്ട്. കൂടാതെ ഇമാം അഹ്മദിന്റെ മുസ്നദ്, അബൂദാവൂദ്, ഇബ്നുമാജ, തിർമിദി എന്നിവരുടെ സുനനുകളിലും ഭാഗികമായി വന്നിട്ടുണ്ട്. വിവിധ മാർഗ്ഗേണയുള്ള ശൃംഖലകൾ വഴി രേഖയുടെ ആധികാരികത തെളിയിക്കപ്പെട്ടതായി പൊതുവെ പരിഗണിക്കപ്പെടുന്നു. മാത്രമല്ല, പ്രവാചകന്റെ കാലത്തെ വാക്കുകളും ഭാഷാ ശൈലിയും കൃത്യമായി ഇതിൽ പ്രതിബിംബിക്കുന്നുമുണ്ട്. കൂടാതെ, ഏതെങ്കിലും താൽപര്യങ്ങൾ ഈ രേഖക്ക് പിന്നിലുണ്ടെന്നതിന് ഒരു സൂചനയും ലഭ്യമായിട്ടില്ല. ഏതെങ്കിലും വ്യക്തിയേയോ വിഭാഗത്തേയോ അവമതിക്കാനുള്ള ഒരു പ്രവണതയും രേഖയിൽ പ്രകടമല്ല. ഇക്കാരണങ്ങളൊക്കെ മദീനാ രേഖയുടെ ആധികാരികതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

അബൂദാവൂദിൽ നിന്ന് വ്യത്യസ്തമായ ഒരു നിവേദക പരമ്പരയോടെ ബൈഹഖിയും മദീനാ രേഖയെപ്പറ്റി സൂചന നൽകുന്നുണ്ട്. ബിൻത് അൽഹരീദിന്റെ വീട്ടിലെ ഒരു പനമരത്തിനു ചുവട്ടിൽ വെച്ചാണ് ഈ രേഖ എഴുതപ്പെട്ടതെന്ന് അതിൽ പറയുന്നു. പ്രവാചകന്റെ മരണശേഷം ഈ രേഖ അലി ഇബ്നു അബീത്വാലിബിന്റെ വശം സൂക്ഷിക്കപ്പെടുകയായിരുന്നു.

അലി(റ)പറഞ്ഞതായി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: പ്രവാചകനിൽ നിന്ന് ഞങ്ങൾ ഖുർആനും ഈ രേഖയുമല്ലാതെ മറ്റൊന്നും കുറിച്ചെടുത്തിരുന്നില്ല. പ്രവാചകൻ(സ) പറഞ്ഞു: 'അയർ പർവ്വതത്തിൽ നിന്ന് ഇന്നയിന്ന ഭാഗങ്ങൾ വരെയുള്ള പ്രദേശം യുദ്ധ വിരുദ്ധ (സുരക്ഷിത) മേഖലയാണ്. അതിനെ ലംഘിക്കുന്നവൻ കുറ്റം ചെയ്യുന്നു. അത്തരക്കാർക്ക് സംരക്ഷണം കൊടുക്കുന്നവന്റെമേൽ ദൈവത്തിന്റെയും മലക്കുകളുടെയും ജനങ്ങളുടെയും ശാപമുണ്ടാകും. അവന്റെ ഐഹികമോ, നിർബന്ധമോ ആയ ഒരു പ്രാർത്ഥനയും സ്വീകരിക്കപ്പെടില്ല'(4)

മദീനാ ചാർട്ടറിന് രണ്ട് ഭാഗങ്ങളുള്ളതായി ഗവേഷകർ പറയുന്നു. ചരിത്രകാരന്മാർ അവ കൂട്ടിയോജിപ്പിച്ചതാകാൻ ഇടയുണ്ട്. ഹിജ്റഃ രണ്ടാം വർഷം ജൂതന്മാരുമായുണ്ടാക്കിയ കരാറിന് ശേഷമാണ് മുഹാജിറുകളും അൻസ്വാരികളും തമ്മിലുള്ള കരാർ നിലവിൽ വരുന്നത്. അനസ് ഇബ്നു മാലിക്കിൽ നിന്നുള്ള ഒരു റിപ്പോർട്ട് പ്രകാരം അദ്ദേഹത്തിന്റെ തന്നെ വീട്ടിൽ വെച്ചാണ് ദൈവദൂതൻ(സ) മുഹാജിറുകളും അൻസ്വാറുകളും തമ്മിലുള്ള കരാറിന് രൂപം കൊടുത്തത്.

മദീനാ രേഖയുടെ ഒരു ഭാഗം ജൂതന്മാരുമായുണ്ടാക്കിയ സമാധാനക്കരാർ എന്ന നിലക്ക് വിരാജിക്കുമ്പോൾ മറ്റൊന്ന് മുഹാജിറുകളും അൻസ്വാറുകളും തമ്മിലുണ്ടാക്കിയ കരാറാണ്. രണ്ടും വിവിധ വിഭാഗക്കാരുടെ അവകാശങ്ങളും ബാധ്യതകളും വിശദീകരിക്കുകയാണ് ഇതിൽ. ബദ്ർ യുദ്ധത്തിന് മുമ്പ് തന്നെ ജൂതരുമായുണ്ടാക്കിയ കരാർ നിലവിൽ വന്നതായി പരിഗണിക്കപ്പെടുന്നു. എന്നാൽ ബദ്ർ യുദ്ധാനന്തരമാകണം മുഹാജിറുകളുടെയും അൻസ്വാറുകളുടെയും അവകാശങ്ങളും കടമകളും നിർവ്വചിച്ചത്. രണ്ട് രേഖകളും കൂടി ഒന്നാക്കിയത് പിൽക്കാലത്താകണം.

മദീനാ രേഖയുടെ വ്യത്യസ്ത ഖണ്ഡികകളെ വിവിധ രൂപത്തിൽ നമ്പർ ചെയ്തിട്ടുള്ളതിനാൽ 47 മുതൽ 57 വരെ ഖണ്ഡികകളുള്ളതായി വ്യത്യസ്തരേഖകളിൽ കാണുന്നു. പ്രൊഫ. ഹമീദുല്ലയുടെ കണക്കിൽ 52 ഖണ്ഡികകളാണ്. ചില ഭാഗങ്ങൾ മറ്റൊന്നുമായി ഒരുമിച്ച് ചേർത്തത് കൊണ്ടാണ്, ഒന്നും വിട്ടുപോയതുകൊണ്ടല്ല, ഈ വിധം നമ്പർ ചെയ്തിരിക്കുന്നത്.

**പശ്ചാത്തലം**

ഗോത്ര പക്ഷപാതം മൂർദ്ധന്യത്തിലെത്തിയ ചരിത്ര സന്ധിയിലാണ് മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വ നിയോഗമുണ്ടായത്. അന്ന് ദൈവമല്ല, ഗോത്രമായിരുന്നു പരമപ്രധാനമൂല്യമായി പരിഗണിക്കപ്പെട്ടിരുന്നത്; ഗോത്രത്തിന്റെ നേട്ടത്തിന് വേണ്ടി ഓരോ ഗോത്രാംഗവും വ്യക്തിപരമായ


കരൺ ആംസ്ട്രോങ്

**പ്രവാചകന്റെ കാലത്തെ വാക്കുകളും ഭാഷാ ശൈലിയും കൃത്യമായി മദീനാ ചാർട്ടറിൽ പ്രതിബിംബിക്കുന്നുണ്ട്. കൂടാതെ, ഏതെങ്കിലും താൽപര്യങ്ങൾ ഈ രേഖക്ക് പിന്നിലുണ്ടെന്നതിന് ഒരു സൂചനയും ലഭ്യമായിട്ടില്ല. ഏതെങ്കിലും വ്യക്തിയേയോ വിഭാഗത്തേയോ അവമതിക്കാനുള്ള ഒരു പ്രവണതയും രേഖയിൽ പ്രകടമല്ല. ഇക്കാരണങ്ങളൊക്കെ മദീനാ രേഖയുടെ ആധികാരികതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.**

ഇംഗിതങ്ങൾ മാറ്റിവെക്കണമായിരുന്നു.(5)

പ്രവാചകൻ എത്തിയ ശേഷം നടത്തപ്പെട്ട കണക്കെടുപ്പ് പ്രകാരം യസ്‌രിബിലെ അന്നത്തെ ജനസംഖ്യ 10,000 ആയിരുന്നു. മൊത്തം 22 ഗോത്രക്കാരാണുണ്ടായിരുന്നത്. പകുതി ജനസംഖ്യ ജൂതരും ബാക്കി പകുതി അറബികളും. പ്രവാചകാഗമനത്തിന് മുമ്പ് മതഭേദമന്യേ ഓരോ ഗോത്രവും മറ്റുഗോത്രങ്ങളുടെ മേൽ ആധിപത്യത്തിന് ശ്രമിച്ചിരുന്നു. അതിനായി വിവിധ ഗോത്രങ്ങൾ തമ്മിൽ ബാന്ധവമുണ്ടാക്കി പരസ്പരം പോരിലായിരുന്നു. ഒരു നൂറ്റാണ്ട് നീണ്ടുനിന്ന നിരന്തരയുദ്ധം മൂലം ഏവർക്കും സഹികെട്ട അവസ്ഥയിൽ ഒരു മാറ്റത്തിനായി അവർ ആഗ്രഹിച്ചിരുന്നു. 'മധ്യസ്ഥൻ' എന്ന നിലക്കുള്ള

മുഹമ്മദ് നബി(സ)യുടെ കീർത്തി അറേബ്യ മുഴുക്കെ വ്യാപിച്ചിരുന്നു. ഹജറുൽ അസ്‌വദ് മാറ്റി സ്ഥാപിക്കുന്നതുമായുണ്ടായ തർക്കം ഒത്തുതീർപ്പിലെത്തിച്ച വ്യക്തി എന്ന ഖ്യാതി കൂടാതെ 'വിശ്വസ്തൻ' (അൽ അമീൻ) എന്ന പെരുമയും പ്രവാചകത്വത്തിന് മുമ്പേ സർവ്വരാലും അംഗീകരിക്കപ്പെട്ടിരുന്നതാണ്.

ഈ ഘട്ടത്തിൽ മദീനയിൽനിന്നുള്ള 12 സുപ്രധാന ഗോത്രങ്ങളാണ് തങ്ങൾക്കിടയിലുള്ള പോര് അവസാനിപ്പിക്കാൻ മധ്യസ്ഥനായി പ്രവാചകനെ ക്ഷണിച്ചത്. തർക്കങ്ങൾ നീതിപൂർവ്വം പരിഹരിക്കാൻ ആജ്ഞാശക്തിയുള്ള ഒരാളുടെ നേതൃത്വം സ്വീകരിക്കപ്പെടുന്നതുവരെ നാട്ടിൽ സമാധാനമുണ്ടാകില്ല എന്ന് മദീനാവാസികൾക്ക് തീർത്തും ബോധ്യമായി. തുടർന്ന് മദീനയിൽ നിന്നുള്ള ആദ്യപ്രതിനിധി സംഘം പ്രവാചകനുമായി കണ്ടുമുട്ടുകയും അദ്ദേഹത്തിന്റെ ഭൗതികമായ സംരക്ഷണം ഏറ്റെടുക്കുകയുമായിരുന്നു.


ബർണാർഡ് ലിവിസ്

മറുവശത്ത്, തീഷ്ണമായ പീഡനപർവ്വങ്ങൾക്ക് നടുവിലായിരുന്നു മുഹമ്മദ് നബി(സ)യും അനുയായികളും. പ്രവാചകനെത്തന്നെ വകവരുത്താനുള്ള ഗൂഢനീക്കങ്ങൾ ശക്തിപ്പെട്ട പശ്ചാത്തലത്തിലാണ് 'ഹിജ്റഃ' ചെയ്യാനുള്ള തീരുമാനമുണ്ടായത്. ഈ ഘട്ടത്തിൽ പുതിയ അവസരങ്ങളും, നേട്ടങ്ങളും പ്രവാചകനെ തേടിവരികയായിരുന്നു. മദീനയിലെത്തിയ പ്രവാചകൻ (സ), സർവ്വജനങ്ങളുടെയും നേതാവായി പരിഗണിക്കപ്പെട്ടു. രക്ഷകനും, മോചകനും, മധ്യസ്ഥനുമായി സകലരാലും വാഴ്ത്തപ്പെട്ടുവെങ്കിലും മക്കാ ഖുറൈശികളിൽ നിന്നുള്ള യുദ്ധഭീഷണി, ഗോത്രവൈരത്തിന്റെ പുകഞ്ഞുകൊണ്ടിരുന്ന ഉമിത്തീ, മുഹാജിറുകളും അൻസ്വാറുകളും തമ്മിലുള്ള ബന്ധങ്ങൾ ഊട്ടിയുറപ്പിക്കൽ എന്നിവ പരിഗണിച്ചുകൊണ്ടുള്ള ഒരു ഭരണഘടന വഴി മാത്രമേ ഇവക്കൊക്കെ പരിഹാരം കാണാനാകൂ എന്ന തിരിച്ചറിവ് തികച്ചും സ്വാഭാവികമാണ്. മാറിയ പശ്ചാത്തലത്തിൽ അതുവരെ സർവ മർദ്ദനങ്ങളും സഹിച്ച് ക്ഷമിച്ചിരിക്കുക എന്ന ശൈലിക്ക് അന്ത്യം കുറിച്ചും യുദ്ധത്തിനനുമതി നൽകിക്കൊണ്ടും താഴെ പറയുന്ന ഖുർആൻ സൂക്തം അവതരിപ്പിക്കപ്പെട്ടു. 'ആർക്കെതിരിൽ യുദ്ധം നടത്തപ്പെട്ടുവോ, അവർക്ക് (തിരിച്ചടിക്കാൻ) അനുമതി നൽകപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവർ മർദ്ദിതരാകുന്നു' (22:39).

**മദീനാ രാഷ്ട്രത്തിലെ അംഗങ്ങളുടെ തുല്യത ഊന്നിപ്പറയുന്ന, ചാർട്ടറിലെ 14,17,21 എന്നീ ഖണ്ഡികകൾ ആധുനിക ജനാധിപത്യക്രമത്തിലെ 'അപരവൽക്കരണ'പ്രക്രിയയുടെ പശ്ചാത്തലത്തിൽ പ്രത്യേകം പ്രസക്തമാണ്. രാഷ്ട്രനീതിക്ക് മുമ്പിൽ ഏവരും തുല്യരാണെന്ന തത്വം ബഹുസ്വരതയുടെ ഈ കാലത്തും ഉയർത്തിപ്പിടിക്കേണ്ടതുണ്ട്.**

ബദ്ർയുദ്ധം വരെ കരാർ പാലിച്ചിരുന്ന ജൂതന്മാർ പിന്നീട് മുസ്‌ലിം ശക്തിയുടെ ആധികാരികത്വം വെളിപ്പെട്ടതോടെ ശത്രുതയിലായി. കരാർ ലംഘിക്കാൻ അവർ സന്നദ്ധമായതോടെയാണ് പ്രവാചകൻ അവരിലെ നിയമലംഘകരായ ചില ഗോത്രങ്ങളിലെ അപരാധികൾക്ക് ശിക്ഷ നൽകാൻ നിർബന്ധിതനായത്.

## ബഹുസ്വരതയുടെ ഉദാത്ത മാതൃക

മദീനാ ചാർട്ടറിന്റെ ആദ്യത്തെ 22 ഖണ്ഡികകൾ മക്കയിൽ നിന്നുള്ള മുഹാജിറുകളും, യസ്‌രിബിലെ അൻസ്വാറുകളും തമ്മിലുള്ള ബാന്ധവത്തെയും പിന്നീടുള്ളവ മുസ്‌ലിംകളും ജൂതരുമടക്കമുള്ള മറ്റുവിഭാഗങ്ങളും തമ്മിലുള്ള ബാന്ധവത്തെയും നിർവ്വചിക്കുന്നു. രക്തബന്ധങ്ങൾക്കപ്പുറമുള്ള ബന്ധത്തിനും വ്യക്തിയുടെ ഉത്തരവാദിത്വത്തിനും കൃത്യമായി മദീനാ ചാർട്ടർ ഊന്നൽ നൽകുന്നുവെന്ന് ഒരു പാശ്ചാത്യ ഇസ്‌ലാമിക നിരീക്ഷകൻ ജോൺ ആൾഡൻ വില്യംസ് അഭിപ്രായപ്പെടുന്നുണ്ട്.(7)

സ്വന്തത്തെപ്പോലെ അയൽക്കാരനെയും സംരക്ഷിക്കാനുള്ള ത്വര രേഖയുടെ മികച്ച സന്ദേശങ്ങളിലൊന്നായി ഒരു ശീഈ പണ്ഡിതൻ കണ്ടെത്തുന്നു.(8)

ഗോത്ര പക്ഷപാതിത്തത്തിൽ നിന്ന് മാനവികതയിലേക്കുള്ള മാറ്റത്തെയാണല്ലോ പ്രവാചക സന്ദേശം വിളംബരം ചെയ്തത്. ഗോത്രതാൽപര്യങ്ങൾക്കപ്പുറം മനുഷ്യന്റെ മൊത്തം പ്രശ്നങ്ങളെ കാണാനുള്ള ചിന്തയെ തട്ടിയുണർത്തുകയായിരുന്നു ഖുർആന്റെ സുപ്രധാന പ്രമേയങ്ങളിലൊന്ന്:

'ഓ ജനങ്ങളേ, നിങ്ങളുടെ റബ്ബിനെ ഭയപ്പെടുവിൻ. ഒരു ധാതുവിൽ നിന്ന് നിങ്ങളെ സൃഷ്ടിക്കുകയും അതേ ധാതുവിൽ നിന്നുതന്നെ അതിന്റെ ഇണയേയും സൃഷ്ടിക്കുകയും അവർ രണ്ടിൽനിന്നുമായി പെരുത്ത് സ്ത്രീപുരുഷന്മാരെ ലോകത്തു പരത്തുകയും ചെയ്തവനത്രെ അവൻ'(4:1).

'വിശ്വസിച്ചവരേ, നിങ്ങൾ ദൈവത്തിനു വേണ്ടി നേർമാർഗത്തിൽ ഉറച്ചുനിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. ഒരു ജനത്തോടുള്ള വിരോധം നിങ്ങളെ നീതിയിൽ നിന്ന് വ്യതിചലിപ്പിക്കാൻ പാടില്ലാത്തതാകുന്നു. നീതിപാലിക്കുവിൻ. അതാണ് ദൈവഭക്തിയോട് ഏറ്റവും അടുത്തത്'(5:8).

'നന്മയുടേയും ദൈവഭക്തിയുടേതുമായ കാര്യങ്ങളിലൊക്കെയും നിങ്ങൾ എല്ലാവരോടും സഹകരിക്കേണ്ടതാകുന്നു. പാപകരവും ശത്രുതാപരവുമായ കാര്യങ്ങളിൽ ആരോടും സഹകരിക്കാവതല്ല'(5:2).

'ആദംസന്തതികളെ നാം ആദരിച്ചിരിക്കുന്നു... നമ്മുടെ മറ്റനേകം സൃഷ്ടികളേക്കാൾ നാമവരെ ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു'(17:70).

'മനുഷ്യരേ, ഒരാണിൽ നിന്നും പെണ്ണിൽ നിന്നു മത്രെ നാം നിങ്ങളെ സൃഷ്ടിച്ചിട്ടുള്ളത്. പിന്നെ നിങ്ങളെ വർഗങ്ങളും ഗോത്രങ്ങളുമാക്കി. നിങ്ങൾ പരസ്പരം പരിചയപ്പെടേണ്ടതിന്ന്. നിങ്ങളിൽ ഏറ്റവും ദൈവഭക്തിയുള്ളവരാകുന്നു, ദൈവത്തിങ്കൽ നിങ്ങളിലേറ്റവും ഔന്നത്യമുള്ളവൻ'(49:13).

മറ്റുമതവിശ്വാസത്തിനുള്ള അവകാശങ്ങളെ വകവെച്ചുകൊടുക്കുന്ന ഏകദൈവ മതദർശനമായി മദീനാ ചാർട്ടറിന്റെ വെളിച്ചത്തിൽ ഇസ്‌ലാമിനെ വിലയിരുത്തുന്നുണ്ട് ഒരു ഓറിയന്റലിസ്റ്റ് പണ്ഡിതൻ.(9)

മദീനാ രാഷ്ട്രത്തിലെ അംഗങ്ങളുടെ തുല്യത ഊന്നിപ്പറയുന്ന, ചാർട്ടറിലെ 14,17,21 എന്നീ ഖണ്ഡികകൾ ആധുനിക ജനാധിപത്യക്രമത്തിലെ 'അപരവൽക്കരണ'പ്രക്രിയയുടെ പശ്ചാത്തലത്തിൽ പ്രത്യേകം പ്രസക്തമാണ്. രാഷ്ട്രനീതിക്ക് മുമ്പിൽ ഏവരും തുല്യരാണെന്ന തത്വം ബഹുസ്വരതയുടെ ഈ കാലത്തും ഉയർത്തിപ്പിടിക്കേണ്ടതുണ്ട്.

മദീനയിലെ അമുസ്‌ലിം പൗരന്മാർക്ക് തുല്യ അവകാശങ്ങൾ വകവെച്ചുകൊടുത്ത ചാർട്ടർ, അവർക്ക് നൽകിയ പരിഗണനയെ അക്കമിട്ട് നിരത്തുന്നു ചിന്തകനായ ബർക്കത്ത് അഹ്മദ്.(10)

(1) ദൈവത്തിന്റെ സംരക്ഷണം എല്ലാ വിഭാഗങ്ങൾക്കുമുള്ളതാണ്. (ഖണ്ഡിക 57 കാണുക).

(2) അമുസ്‌ലിം അംഗങ്ങളുടെ തുല്യരാഷ്ട്രീയ-സാംസ്കാരിക സ്വാതന്ത്ര്യത്തിന് അംഗീകാരം നൽകുന്നു.

(3) മുസ്‌ലിംകൾ മതപരമായി നടത്തേണ്ടുന്ന യുദ്ധത്തിൽ അമുസ്‌ലിംകൾക്ക് ഒഴിഞ്ഞുനിൽക്കാനുള്ള പ്രത്യേക സ്വാതന്ത്ര്യമുള്ളപ്പോൾ തന്നെ കൂട്ടായി നടത്തുന്ന പോരാട്ടത്തെക്കുറിച്ചും രേഖ കൃത്യമായി വിഭാവന ചെയ്യുന്നു.

യുദ്ധത്തിന്റെ ഭീഷണി നിലവിലുള്ള ഘട്ടത്തിൽ സുരക്ഷക്ക് വേണ്ടിയുള്ള മുറവിളിയും പ്രതിരോധയുദ്ധസന്നാഹവും, സമാധാനത്തിന് വേണ്ടിയുള്ള അഭിവാഞ്ഛയും രേഖയുടെ 19,44,50 ഖണ്ഡികകളിൽ പ്രകടമാണ്.

ദുർബ്ബലനോടുള്ള കൂറ്, പരിഗണന, പിന്നാക്കം നൽക്കുന്നവരുടെ സംരക്ഷണം, എന്നിവ സമൂഹത്തിന്റെ മൊത്തം ബാധ്യതയാണെന്ന സന്ദേശം പ്രകാശനം ചെയ്യുകയാണ് 3,4,14 ഖണ്ഡികകൾ ചെയ്യുന്നത്.

കരാറിലെ 41-ാം ഖണ്ഡിക, പങ്കുകാർ നടത്തുന്ന കുറ്റങ്ങൾക്ക് ഗോത്രക്കാരെ മുഴുവൻ കുറ്റവാളികളാക്കി പരിഗണിക്കുന്ന സ്വഭാവത്തെ പരിഷ്കരിക്കുന്നതിന് യത്നിക്കുന്നു. പരസ്പരമുള്ള കൂടിയാലോചനയെ 39,40 ഖണ്ഡികകൾ പ്രോത്സാഹിപ്പിക്കുന്നത്, കൂടിയാലോചന പ്രക്രിയയുടെയും, പാർലമെന്റ് സമ്പ്രദായത്തിന്റെയും മേന്മ എടുത്തുകാട്ടുന്നു. ഏകാധിപത്യപ്രവണതയെ മദീനാ ചാർട്ടർ പിന്തുണക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്.

ദേശീയത എന്ന സങ്കൽപവുമായി ബന്ധപ്പെട്ടു ദേശക്കൂറ് (പാട്രിയോട്ടിസം) എന്ന വശത്തെ ന്യായീകരിക്കും വിധമുള്ള പരാമർശങ്ങൾ രേഖയിലെ 1, 14, 19, 20, 21, 44, 45, 49 എന്നീ ഖണ്ഡികകളിൽ കാണാം. പൊതുവായ ലക്ഷ്യങ്ങൾക്കായി യോജിച്ചു നിൽക്കുന്ന ജനതയുടെ സംരക്ഷണം എന്ന അർത്ഥത്തിലാണ് ചാർട്ടർ ഈ ആശയങ്ങൾ സമർപ്പിക്കുന്നത്.

ചർട്ടറിലെ 30, 44 ഖണ്ഡികകൾ പൗരന്മാരുടെ സംരക്ഷണ കേന്ദ്രമായി യസ്‌രിബിനെ പ്രഖ്യാപിക്കുന്നു. സമ്പൂർണ മതസ്വാതന്ത്ര്യം ഉറപ്പ് നൽകുന്ന ഖുർആനിക പ്രമേയവുമായി ഇത് സാധർമ്മ്യം പുലർത്തുന്നു: 'മതത്തിൽ ബലാൽക്കാരമില്ല' (2:256).


ജോൺ ആൾഡൺ വില്യംസ്

ഭീകരതയും ഭയവും മുൽപാദിക്കുന്ന അജ്ഞതയുടെ (ജാഹിലിയ്യത്ത്) പന്ഥാവിനെ വകഞ്ഞുമാറ്റി, വിശ്വാസികൾ പരസ്പര ബഹുമാനത്തോടെ ഒരുമിക്കണമെന്ന ചാർട്ടറിന്റെ ആഹ്വാനം ബഹുസ്വര സങ്കൽപത്തിന് ഏറെ ഉചിതമാണെന്ന് ആധുനിക ചിന്തകൻ കരൺ ആംസ്ട്രോങ് എടുത്തുകാട്ടുന്നു.(11)

**പരസ്പരം വിയോജിക്കുന്ന മേഖലകൾ കണ്ടെത്തി മേധാവിത്വവും ഔന്നത്യവും പ്രകടിപ്പിച്ച് ആശയ പോരാട്ടം നടത്താനുള്ള വിവിധ മതവിഭാഗങ്ങളുടെ പ്രവണതക്കെതിരായ ശക്തമായ വിരൽ ചൂണ്ടൽ കൂടിയായി മദീനാ ചാർട്ടറിനെ പരിഗണിക്കേണ്ടതുണ്ട്.**

നിദാന്തമായ ശാന്തിയും സമാധാനവും നിലനിർത്താനുള്ള നേതൃപാടവമാണ് പ്രവാചകന്റെ യസ്‌രിബ് രേഖയെന്ന് മുസ്‌ലിം ചിന്തകൻ സജൂ ചൂണ്ടിക്കാട്ടി.(12) അന്തിമ വിധികർത്താവായി ദൈവിക മാർഗ്ഗ ദർശനത്തെ സ്വീകരിക്കുമ്പോൾത്തന്നെ ഓരോ മതവിഭാഗത്തിന്റേയും സ്വത്വത്തെ രേഖ ചോദ്യം ചെയ്യുന്നില്ല എന്ന വസ്തുതയും ബഹുസ്വര സമൂഹങ്ങൾക്ക് പാഠമാകേണ്ടതാണ്.

നജ്റാനിലെ ക്രിസ്ത്യാനികളുമായി സ്വന്തം മസ്ജിദിൽ ചർച്ച നടത്താനും അവരുടെ പ്രാർത്ഥനാ വേളയിൽ മസ്ജിദിൽ വെച്ച് തന്നെ സൗകര്യം ചെയ്തുകൊടുക്കാനുമുള്ള മതവിശാലതയുടെ വേരുകൾ പ്രവാചകന്റെ

വ്യക്തിത്വത്തിലും ഇസ്‌ലാമിന്റെ ദാർശനികതയിലും ഉൾച്ചേർന്നതായി പാശ്ചാത്യ പണ്ഡിതനായ റോജർബോസ് നിരീക്ഷിക്കുന്നു.(13)

ജൂത ജനവിഭാഗവുമായുള്ള മുസ്‌ലിംകളുടെ ബന്ധം പ്രശ്നവൽക്കരിക്കപ്പെടുന്ന സമകാലിക പരിസരത്ത് മദീനാ ചാർട്ടർ നൽകുന്ന ഉൾക്കാഴ്ച ശ്രദ്ധേയമാണ്. വിവിധ ജൂതഗോത്രങ്ങളെ വിശ്വാസികളോടൊപ്പം ചേർത്ത് ഒറ്റ സമുദായമായി നിർവ്വചിക്കുന്നു എന്നതും 'ജൂതർക്ക് അവരുടെ മതവും മുസ്‌ലിംകൾക്ക് അവരുടെ മതവും' എന്ന ആശയം ഊന്നിപ്പറയുന്നതും അമ്പരപ്പോടെ കാണുന്നു ഒരു ഓറിയന്റലിസ്റ്റ് ചിന്തകൻ.(14)

ഇസ്‌ലാമിക രാഷ്ട്രത്തിലെ അംഗങ്ങളെന്ന നിലക്ക് ജൂതർക്ക് സമ്പൂർണ മതസ്വാതന്ത്ര്യം അനുവദിക്കാൻ പ്രതിജ്ഞാബദ്ധതയുണ്ടെന്ന് 16,17 ഖണ്ഡികകൾ സൂചിപ്പിക്കുന്നു. സമകാലിക ലോകത്ത് ഇസ്‌ലാമിന്റെ നേരെ ഉയരുന്ന 'അസഹിഷ്ണുതാ' വാദത്തിന് ഈ രേഖ കൃത്യമായ മറുപടി പറയുന്നു. ജൂതർക്ക് തങ്ങളുടെ നിയമ പ്രശ്നങ്ങളുടെ പരിഹാരത്തിന് സ്വന്തം റബ്ബികളുടെ നിയമമോ മുഹമ്മദ് നബി(സ)യുടെ നിർദ്ദേശമോ സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇതിലേക്ക് ഖുർആൻ തന്നെ വെളിച്ചം വീശുന്നു.

'ഇവർ (തങ്ങളുടെ വ്യവഹാരങ്ങളുമായി) താങ്കളെ സമീപിച്ചാൽ, അവർക്കിടയിൽ തീരുമാനം കൽപിക്കുകയോ ഇല്ലെങ്കിൽ അവരെ അവഗണിക്കുകയോ ചെയ്യുക... താങ്കൾ വിധി പറയുകയാണെങ്കിൽ നീതിപൂർവ്വം വിധിപറയുക'(5:42)

### സമകാലിക പ്രസക്തി

ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന എന്ന നിലക്ക് മാത്രമല്ല മദീനാ ചാർട്ടർ പ്രസക്തമായിരിക്കുന്നത്; ഒരു ബഹുസ്വര സമൂഹത്തിലെ പൗരന്മാർക്ക് തുല്യ പൗരത്വവും അവകാശവും ഉറപ്പുനൽകുന്ന പ്രമാണം എന്ന നിലക്ക് കൂടിയാണ്. യുദ്ധം തകർത്തെറിഞ്ഞ അറേബ്യയിൽ സമാധാനത്തിന് വേണ്ടിയുള്ള അത്യദ്ധ്വാനമാണ് പ്രവാചകൻ നടത്തിയതെന്ന കരൺ ആംസ്ട്രോങ്ങിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്.(15)

തർക്കപരിഹാര വിദഗ്ധൻ എന്ന നിലക്കുള്ള മുഹമ്മദ് നബി(സ)യുടെ മികവ് പ്രകടമാക്കുന്ന രേഖകൂടിയാണ് മദീനാ ചാർട്ടർ. 'ദൈവത്തെ ഭയപ്പെടുന്ന വിശ്വാസി വിഭാഗത്തെ' അക്രമികളായവർക്കെതിരെ അണിനിരത്താനുള്ള ത്വര രേഖയിൽ തെളിഞ്ഞു നിൽക്കുന്നു. സമാധാനം, സ്നേഹം, സ്വാതന്ത്ര്യം, സഹിഷ്ണുത, പരസ്പര സഹകരണം എന്നീ ഉദാത്ത മൂല്യങ്ങൾ മതങ്ങളിൽ സഞ്ചിതമാകണമെന്നും അവയെ നിർമാണാത്മകമായി ഉപയോഗിപ്പെടുത്തേണ്ടതുണ്ടെന്നുമുള്ള പാഠവും മദീനാ ചാർട്ടർ നൽകുന്നു.

യസ്‌രിബ് നിവാസികൾക്കിടയിൽ നിലവിലുണ്ടായിരുന്ന ഗോത്രവൈരവും പോരും അവസാനിപ്പിച്ച് അവരെ ഒന്നായി സംഘടിപ്പിച്ചു നിർത്താനുള്ള നയതന്ത്രവൈദഗ്ധ്യം രേഖ പ്രകടിപ്പിക്കുന്നുണ്ട് എന്നത് നിസ്തർക്കമാണ്. യസ്‌രിബിനെ ആക്രമിക്കുന്ന അവസ്ഥയിൽ യോജിച്ചെതിർക്കാനുള്ള തീരുമാനം ഈ നയതന്ത്ര വൈദഗ്ധ്യത്തെ ഊട്ടിയുറപ്പിക്കുന്നു. പരസ്പരം നന്മയിൽ സഹകരിക്കാനുള്ള ചാർട്ടറിന്റെ ലക്ഷ്യം ഇന്ത്യ പോലുള്ള ബഹുസ്വര സമൂഹത്തിനും ഒട്ടേറെ ഉൾക്കാഴ്ച നൽകേണ്ടതുണ്ട്.

മനുഷ്യ സമൂഹത്തെ ഒറ്റ സമുദായമായിക്കാണുന്നു ഖുർആൻ: 'ആദിയിൽ എല്ലാ ജനവും ഒറ്റ ജനതയായിരുന്നു' (2:213).

വിവിധ മതവിഭാഗങ്ങളിലെ നന്മകൾ സ്വീകരിക്കാനുള്ള വിശാലത പ്രകടമാക്കുന്ന ദൈവശാസ്ത്രത്തിന്റെയും, മതങ്ങളുടെ സമാധാനപൂർണമായ സഹവർത്തിത്വത്തിന്റെയും കൂടി രേഖയായി മുസ്‌ലിം ചിന്തകൻ സച്ചെദിന മദീന ചാർട്ടറിനെ വിശേഷിപ്പിച്ചു.(16)

പരസ്പരം വിയോജിക്കുന്ന മേഖലകൾ കണ്ടെത്തി മേധാവിത്വവും ഔന്നത്യവും പ്രകടിപ്പിച്ച് ആശയ പോരാട്ടം നടത്താനുള്ള വിവിധ മതവിഭാഗങ്ങളുടെ പ്രവണതക്കെതിരായ ശക്തമായ വിരൽ ചൂണ്ടൽ കൂടിയായി മദീനാ ചാർട്ടറിനെ പരിഗണിക്കേണ്ടതുണ്ട്.

### കുറിപ്പുകൾ


1) Yetkin Yildirin, Peace and Conflict Resolution in the Medina Charter: Peace Review, Rontledge: London, Vol:18, Issue:1, January 2006, P. 109-117.

2) Montgaomery Walt, Muhammad at Madina O.U.P: Oxford, 1986, P.227-228.

3) Bernard Lewis, The Arabs in History, harper and Row: New York, 1960, P.42.

4) ബുഖാരി 2:296, ഇബ്നു മാജഃ 2:887.

5) Karan Armastrong, Muhammad : A Prophet for our times, Harper & Collins: New York, 2006, P.24.

6) John L.Esposito, Islam: the straight Path, O.U.P: New York, 1998, P.17.

7) John Alden Williams, Themes of Islamic Civilization, University of California Press: California, 1971, P.12.

8) Amyn B. Sajoo, Mulism Ethics: Emerging Vistas Institute for Islamic Studies: London, 2009, P.94.

9) Philip J Stewast, Unfolding Islam, I htaca press: Reading, 1994, P.207.

10) Barakat Ahmad, Muhammad and the Jews, Vikas Publishing house: New Delhi, 1979, P.46-47.

11) Karen Armstrong, Op. Cit, P.19.

12) Amyn B. Sajoo, Op. cit, P.94.

13) Roger Boase, Ecumenical Islam: A Muslim Respnse to Relegion Pluralism in Roger Boase (Ed), Islam and Global Dialogue, Ashgate: Hants, 2005, P:252.

14) Jonathan Berkey, The Formation of Islami: Religion and society in the near East, 600-1800, C.U.U: Cambridge, 2003, P.64

15) Karen Armstrong, Op.cit, P.19

16) Abdulaziz Sachedina, The Islamic roots of Emocratic Pluralism, Oxford University Press: New York, 2001, P.26.